LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലാ ആശുപത്രിയിലെ സ്പെഷ്യലിസ്റ്റ് യൂണിറ്റുകൾ

155 [158] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ നിലവിൽ എത്ര സ്പെഷ്യലിസ്റ്റ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ യൂണിറ്റിലും എത്ര ഡോക്ടർമാരുടെ സേവനം ഇപ്പോൾ ലഭിക്കുന്നുണ്ടെന്നും എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ജില്ലാ ആശുപത്രി എന്ന പരിഗണന നൽകി തസ്തിക സൃഷ്ടിച്ച് ഒഴിവുകളിൽ ഡോക്ടർമാരേയും അനുബന്ധ ജീവനക്കാരേയും നിയമിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എട്ട്.

(ബി) ഓരോ യൂണിറ്റിലും പ്രവർത്തിക്കുന്ന ഡോക്ടർമാരുടെ വിവരങ്ങൾ താഴെകൊടുക്കുന്നു:

		സിവിൽ സർജൻ	അസി. സർജൻ
1.	ഗൈനോക്കോളജി ..	..	2
2.	മെഡിക്കൽ ..	1	1
3.	ഓർത്തോപീഡിക്സ് ..	1	1
4.	ഇ.എൻ.റ്റി. ..	1	1
5.	അനസ്തേഷ്യ ..	1	1
6.	സൈക്യാട്രി ..	1	..
7.	പീഡിയാട്രിക്സ് ..	2	..
8.	കണ്ണ് ..	2	..
9.	ഡർമറ്റോളജി ..	..	1

സർജറി, റേഡിയോളജി, ഫിസിക്കൽ മെഡിസിൻ എന്നീ വിഭാഗങ്ങളിൽ 3 ഡോക്ടർമാരുടെ ഒഴിവുകളിൽ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാർ ജോലിചെയ്തു വരുന്നു.

(സി) സംസ്ഥാനത്തെ എല്ലാ ആശുപത്രികളുടെയും നവീകരണത്തിനും ശക്തിപ്പെടുത്തലിനുമുള്ള സമഗ്രമായ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. അക്കൂട്ടത്തിൽ ഈ ആശുപത്രിയുടെ കാര്യവും വരുന്നുണ്ട്.

കാസർഗോഡ് ജില്ലാ ആശുപത്രിയുടെ പുതിയ കെട്ടിടത്തിലേക്കുള്ള മാറ്റം

156 [159] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് സ്ഥിതിചെയ്യുന്ന കാസർഗോഡ് ജില്ലാ ആശുപത്രിക്കു വേണ്ടി പണിത പുതിയ കെട്ടിടത്തിലേക്ക് ആശുപത്രി എപ്പോൾ മാറ്റാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം മാറ്റുമ്പോൾ നിലവിലുള്ള ആശുപത്രി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയാക്കി നിലനിർത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലാ ആശുപത്രിക്കുവേണ്ടി പണിത പുതിയ കെട്ടിടം 21-5-2004-ന് ആശുപത്രി സൂപ്രണ്ടിന് കൈമാറിയിട്ടുണ്ട്. ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകഴിഞ്ഞാൽ മാത്രമേ ആശുപത്രി പുതിയ കെട്ടിടത്തിലേക്ക് മാറ്റുവാൻ കഴിയുകയുള്ളൂ. ആയതിനുള്ള വിശദമായ പ്രൊപ്പോസൽ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള ജില്ലാ ആശുപത്രി പുതിയ കെട്ടിടത്തിലേക്ക് മാറ്റുമ്പോൾ പ്രസ്തുത കെട്ടിടം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്കുവേണ്ടിയുള്ള കെട്ടിടമായി നിലനിർത്താവുന്നതാണ്.

ഹോമിയോ പോസ്റ്റ് ഗ്രാഡ്വേറ്റ് പ്രവേശനം

157 [160] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എം. എ. ചന്ദ്രശേഖരൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതിയിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് പഠന സൗകര്യം സംസ്ഥാനത്ത് എവിടെയെല്ലാം നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പേർക്കുവീതം പ്രസ്തുത കോഴ്സുകളിൽ പ്രവേശനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഹോമിയോ പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സുകൾക്ക് അഡ്മിഷൻ നൽകുന്നതിനുള്ള എൻട്രൻസ് പരീക്ഷ ഏറ്റവും അവസാനം നടത്തിയതെന്നാണെന്ന് വ്യക്തമാക്കുമോ;

(ഡി) അതിനുശേഷം ഈ പരീക്ഷ നടത്താതിരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹോമിയോപ്പതിയിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് പഠന സൗകര്യം തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്.

(ബി) മെറ്റീരിയ മെഡിക്ക, ഹോമിയോപ്പതി, ഫിലോസഫി, റപ്പർട്ടറി എന്നീ വിഷയങ്ങളിൽ ഓരോ കോളേജിലും 6 പേർക്ക് വീതം ആകെ 36 പേർക്ക് പ്രവേശനം നൽകുന്നു.

(സി) 28-4-2002-ലാണ് ഏറ്റവും അവസാനമായി എം.ഡി. (ഹോമിയോ) കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷ, പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തിയത്. എം. ഡി. ഹോമിയോ കോഴ്സിനുള്ള പ്രോസ്പെക്ടസ് പുറപ്പെടുവിക്കാൻ കാലതാമസം വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly